പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 77 - 27.02.2017 ൽ മറുപടിയ്ക്ക്

# കെ.എ.എസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എ.എസ്. നടപ്പിലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | നിലവിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായുള്ള കമ്മിറ്റിയുടെ അവലോകന റിപ്പോർട്ടപ്രകാരം മധ്യപ്രദേശ്, കർണ്ണാടക, തമിഴ് നാട്, ബീഹാർ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സംസ്ഥാന സിവിൽ സർവ്വീസ് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കെ.എ.എസ്. നടപ്പിലാക്കുമ്പോൾ ഭരണതലത്തിൽ ഉണ്ടാകുന്ന ഗുണഫലങ്ങൾ എന്തൊക്കെയാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br>പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതലചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശങ്ങളോടുകൂടിയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | കെ.എ.എസ് ലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് എത്ര ഒഴിവുകൾ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന വ്യക്തമാക്കാമോ; | (ഡി) | കണക്കാക്കിയിട്ടില്ല |
| (ഇ) | കെ.എ.എസ് ലേക്കുള്ള നിയമനം ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന തസ്തികയിൽ കയറിപ്പറ്റാനുള്ള സുവർണ്ണാവസരമായി വിലയിരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ